STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.35/PR/SPMC/PHQ/2024 Date:02.06.2024

# 448 പേര്‍ കൂടി പോലീസ് സേനയിലേയ്ക്ക്; മുഖ്യമന്ത്രി പിണറായി വിജയന്‍ തൃശ്ശൂരില്‍ അഭിവാദ്യം സ്വീകരിച്ചു

പരിശീലനം പൂര്‍ത്തിയാക്കിയ 448 പോലീസ് സേനാംഗങ്ങളുടെ പാസിംഗ് ഔട്ട് പരേഡില്‍ മുഖ്യമന്ത്രി പിണറായി വിജയന്‍ അഭിവാദ്യം സ്വീകരിച്ചു. തൃശ്ശൂരിലെ കേരള പോലീസ് അക്കാദമിയില്‍ ഇന്നു വൈകിട്ട് നടന്ന ചടങ്ങില്‍ കേരള ആംഡ് വനിതാ പോലീസ് ബറ്റാലിയനിലെ 290 വനിതകളും കെ.എ.പി അഞ്ചാം ബറ്റാലിയനിലെ 158 പുരുഷന്മാരുമാണ് സത്യപ്രതിജ്ഞ ചെയ്ത് സേനയുടെ ഭാഗമായത്.

ശ്രീക്കുട്ടി എം.എസ് പരേഡ് കമാന്‍ററും അമല്‍ രാജു സെക്കന്‍റ് കമാന്‍ററും ആയിരുന്നു. മികച്ച ഇന്‍ഡോര്‍ കേഡറ്റായി രേണുക എം.എസ്, അമിത്ത് ദേവ് എന്നിവരും ഷൂട്ടറായി ഐശ്വര്യ കെ.എ, അഫിന്‍ ബി. അജിത്ത് എന്നിവരും ഔട്ട് ഡോര്‍ കേഡറ്റായി ശ്രീക്കുട്ടി എം.എസ്, അമല്‍ രാജു എന്നിവരും ഓള്‍ റൗണ്ടര്‍മാരായി ശ്രീക്കുട്ടി. എം. എസ്, സൂരജ് ബാബുരാജ് എന്നിവരും തിരഞ്ഞെടുക്കപ്പെട്ടു.

ഒന്‍പതുമാസത്തെ അടിസ്ഥാനപരിശീലനത്തിന്‍റെ ഭാഗമായി ഇവര്‍ക്ക് ഔട്ട്ഡോര്‍ വിഭാഗത്തില്‍ പരേഡ്, ശാരീരികക്ഷമത പരിശീലനം എന്നിവയ്ക്ക് പുറമേ ഡ്രില്‍, ലാത്തി, മോബ് ഓപറേഷന്‍, ബോംബ് ഡിറ്റക്ഷന്‍, സെല്‍ഫ് ഡിഫന്‍സ്, കരാട്ടെ, യോഗ, നീന്തല്‍, ഡ്രൈവിംഗ് എന്നിവയിലും പരിശീലനം നല്‍കി. ഹൈ ആള്‍ട്ടിറ്റ്യൂഡ് ട്രെയിനിംഗ്, കോസ്റ്റല്‍ സെക്യൂരിറ്റി ട്രെയിനിംഗ്, ജംഗിള്‍ ട്രെയിനിംഗ് എന്നിവയ്ക്ക് പുറമെ അത്യാധുനിക ആയുധങ്ങളില്‍ ഫയറിംഗ് പരിശീലനവും നല്‍കിയിട്ടുണ്ട്.

ഇന്‍ഡോര്‍ വിഭാഗത്തില്‍ ഇന്ത്യന്‍ ഭരണഘടന, ഇന്ത്യന്‍ ശിക്ഷാനിയമം, ക്രിമിനല്‍ നടപടിക്രമം, തെളിവ് നിയമം, മറ്റു നിയമങ്ങള്‍, പോലീസ് സ്റ്റേഷന്‍ മാനേജ്മെന്‍റ്, ട്രാഫിക് മാനേജ്മെന്‍റ്,

കേസന്വേഷണം, വി.ഐ.പി ബന്തവസ്സ്, ഇന്റേണൽ സെക്യൂരിറ്റി, ഡിസാസ്റ്റർ മാനേജ്മെൻറ്, ഫോറൻസിക് സയൻസ്, ഫോറൻസിക് മെഡിസിൻ, കമ്പ്യൂട്ടർ, സൈബർ കുറ്റകൃത്യങ്ങൾ, സ്ത്രീകൾ, കുട്ടികൾ, മുതിർന്ന പൗരന്മാർ, ജെൻഡർ ന്യൂട്രൽസ് തുടങ്ങിയവരോടുള്ള പെരുമാറ്റം തുടങ്ങിയ വിഷയങ്ങളിൽ ക്ലാസ് റൂം പരിശീലനവും നൽകിയിട്ടുണ്ട്.

പ്രളയക്കെടുതികൾ പോലുള്ള പ്രകൃതി ദുരന്തങ്ങളിൽ ജനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് നാഷണൽ ഡിസാസ്റ്റർ റെസ്പോൺസ് ഫോഴ്സിലെ വിദഗ്ധരും ഇവർക്ക് പരിശീലനം നൽകി. ജൂലൈ ഒന്നു മുതൽ പ്രാബല്യത്തിൽ വരുന്ന ഭാരതീയ ന്യായ സൻഹിത, ഭാരതീയ നാഗരിക് സുരക്ഷാ സൻഹിത, ഭാരതീയ സുരക്ഷാ അധിനിയം എന്നിവയിൽ പരിശീലനം സിദ്ധിച്ച ആദ്യത്തെ പോലീസ് കോൺസ്റ്റബിൾ ബാച്ചും ഇതാണ്.

കെ.എ.പി അഞ്ചാം ബറ്റാലിയനിൽ പരിശീലനം പൂർത്തിയാക്കിയ സേനാംഗങ്ങൾക്ക് അർത്തുങ്കൽ, ഫോർട്ട് കൊച്ചി തീരദേശ പോലീസ് സ്റ്റേഷനുകളിൽ കോസ്റ്റൽ സെക്യൂരിറ്റിയിലും കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഫോറൻസിക് മെഡിസിനിലും പ്രായോഗിക പരിശീലനം നൽകി. പരിശീലന കാലത്തുതന്നെ ക്രമസമാധാന പാലനം ഉൾപ്പെടെയുള്ള വിവിധ ചുമതലകളിൽ ഇവരെ നിയോഗിച്ചിരുന്നു.

ഉന്നതവിദ്യാഭ്യാസം നേടിയ നിരവധി പേരാണ് ഇന്നത്തെ പാസിങ് ഔട്ട് പരേഡിൽ പങ്കെടുത്തത്. കേരള ആംഡ് വനിത പോലീസ് ബറ്റാലിയൻ 19 എ ബാച്ച് പരിശീലനാർഥികളിൽ എം.ഫിൽ യോഗ്യതയുള്ള ഒരാളും എം.ബി.എ യോഗ്യതയുള്ള ആറുപേരും എം.സി.എ യോഗ്യതയുള്ള നാലുപേരും എം.ടെക്ക് യോഗ്യതയുള്ള ഒരാളുംു ബി.ടെക്ക് യോഗ്യതയുള്ള 23 പേരും ബിരുദാനന്തര ബിരുദയോഗ്യതയുള്ള 84 പേരും ബിരുദ യോഗ്യതയുള്ള 163 പേരും6 പ്ലസ് ടു യോഗ്യതയുള്ള എട്ടു പേരുമാണുള്ളത്. കെ.എ.പി അഞ്ചാം ബറ്റാലിയനിൽ പരിശീലനം ലഭിച്ച ഉദ്യോഗാർഥികളിൽ എം.ബി.എ ബിരുദമുള്ള നാലുപേരും എം.സി.എ ബിരുദമുള്ള മൂന്നുപേരും ബി.ടെക് ബിരുദമുള്ള എട്ടുപേരും അധ്യാപന ബിരുദയോഗ്യതയുള്ള രണ്ടുപേരും ഡിപ്ലോമ യോഗ്യതയുള്ള ആറു പേരും പോസ്റ്റ് ഗ്രാജുവേഷൻ യോഗ്യതയുള്ള 21 പേരും ഗ്രാജുവേഷൻ യോഗ്യതയുള്ള 90 പേരും പ്ലസ്ടു യോഗ്യതയുള്ള 24 പേരുമാണുള്ളത്.

സംസ്ഥാന പോലീസ് മേധാവി ഡോ. ഷെയ്ഖ് ദർവേഷ് സാഹിബ്, ആംഡ് പോലീസ് ബറ്റാലിയൻ എ.ഡി.ജി.പി എം.ആർ അജിത് കുമാർ, എ.ഡി.ജി.പിയും കേരള പോലീസ് അക്കാദമി ഡയറക്ടറുമായ പി .വിജയൻ

എന്നിവരും മറ്റ് ഉന്നത പോലീസ് ഉദ്യോഗസ്ഥരും പരിശീലനാർത്ഥികളുടെ ബന്ധുമിത്രാദികളും ചടങ്ങിൽ പങ്കെടുത്തു.

വനിതാ പോലീസ് സേനാംഗങ്ങളുടെ പരിശീലനം 2023 ആഗസ്റ്റ് 16 ന് കേരള പോലീസ് അക്കാദമിയിലും പുരുഷ പോലീസ് സേനാംഗങ്ങളുടെ പരിശീലനം 2023 ആഗസ്റ്റ് 17 ന് മണിയാർ ഡിറ്റാച്ച്മെൻറ് ക്യാമ്പിലുമാണ് ആരംഭിച്ചത്.

കഴിഞ്ഞ ഏതാനും ദിവസങ്ങളിലായി 1758 പോലീസ് ഉദ്യോഗസ്ഥരാണ് കേരള പോലീസിന്റെ ഭാഗമായത്. ഇതിൽ 1468 പുരുഷൻമാരും 290 വനിതകളും ഉൾപ്പെടുന്നു. മെയ് 28ന് തിരുവനന്തപുരം എസ്.എ.പി ഗ്രൗണ്ടിൽ നടന്ന പാസിംഗ് ഔട്ട് പരേഡിൽ 461 പേരും 31ന് കെ.എ.പി നാലാം ബറ്റാലിയൻ പരേഡ് ഗ്രൗണ്ടിൽ നടന്ന പാസിംഗ് ഔട്ട് പരേഡിൽ 374 പേരും പങ്കെടുത്തു. ജൂൺ ഒന്നിന് എം.എസ്.പി പരേഡ് ഗ്രൗണ്ടിൽ നടന്ന പാസിംഗ് ഔട്ട് പരേഡിൽ 475 പേരും ഇന്ന് കേരള പോലീസ് അക്കാദമിയിൽ നടന്ന പാസിംഗ് ഔട്ട് പരേഡിൽ 448 പേരും പങ്കെടുത്തു.

***********************************